**ഫയൽ നം :** SSG 2/196/2023-TC **തിയതി :** 14-11-2023

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

**പ്രേഷകൻ,**

ട്രാൻസ്‌പോർട്ട് കമ്മിഷണർ,
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
കേരളം

**സ്വീകർത്താവ്,**

എല്ലാ റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർ,
എല്ലാ സബ് റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർ

സർ,

**വിഷയം:-** മോട്ടോർ വാഹന വകുപ്പ് - **RC ബാക്‌ലോഗ് എൻട്രി ചെയ്യുന്നത്** - സംബന്ധിച്ച്.

**സൂചന :-** 1. SSG 2/196/2023-TC RC നമ്പർ കത്ത് തീയതി 19/05/2023

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. രജിസ്റ്ററിങ് അതോറിറ്റിക്കു RC ബാക്‌ലോഗ് എൻട്രി ചെയ്യുന്നതിനുള്ള അധികാരം വാഹൻ പോർട്ടലിൽ നിന്നും നീക്കം ചെയ്തിരുന്നു. കൂടാതെ ബാക്‌ലോഗ് എൻട്രി ചെയ്യുന്നതിനു സ്റ്റേറ്റ് അഡ്മിനിലൂടെയുള്ള അനുമതി ആവശ്യവുമായിരുന്നു. ആയതിനാൽ സൂചന പ്രകാരം പ്രത്യേക നിർദ്ദേശം മേൽവിഷയം സംബന്ധിച്ച് നൽകിയിരുന്നു.

നിലവിൽ RC ബാക് ലോഗ് എൻട്രി ഓഫീസിൽ തന്നെ കൈകാര്യം ചെയ്യാവുന്ന രീതിയിൽ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തി ആയത് ലൈവ് ആക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ മേൽവിഷയത്തിൽ സ്വീകരിക്കേണ്ടതാണ്.

- 01.04.2019 മുമ്പ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട വാഹനത്തിന്റെ വിവരങ്ങൾ വാഹൻ പോർട്ടലിൽ ലഭ്യമല്ല എങ്കിൽ, ആയത് ബാക്‌ലോഗ് ചെയ്യുന്നതിനായി ഈ കാര്യാലയത്തിലേക്ക് നൽകേണ്ടതില്ല. പകരം വാഹൻ സോഫ്റ്റ്‌വെയറിലെ RC **ബാക്‌ലോഗ് എൻട്രി** എന്ന ഓപ്ഷൻ ഉപയോഗിക്കേണ്ടതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ബി-രജിസ്റ്റർ പകർപ്പ്/സ്മാർട്ട് മൂവിലെ രജിസ്ട്രേഷൻ വിവരങ്ങൾ അടങ്ങിയ സ്ക്രീൻ ഷോട്ട് എന്നിവ അപ്‌ലോഡ് ചെയ്ത് ഓഫീസിൽ തന്നെ ബാക്ക് ലോഗ് പൂർത്തിയാക്കാവുന്നതാണ്.
- സൂചന പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചതിനുശേഷം താങ്കളുടെ ഓഫീസിൽ നിന്നും ഈ കാര്യാലയത്തിലേക്ക് നൽകിയിട്ടുള്ള ബാക്‌ലോഗ് അപേക്ഷകൾ ഓരോന്നും പുനഃപരിശോധിക്കേണ്ടതാണ്. ആയതിൽ ബാക്‌ലോഗ് ചെയ്യപ്പെട്ടിട്ടില്ലാത്ത അപേക്ഷകൾ മേൽനിർദേശപ്രകാരം തീർപ്പ് കല്പിക്കേണ്ടതാണ്.
- ബാക് ലോഗ് എൻട്രി സംബന്ധിച്ച്, സൂചന പ്രകാരമുള്ള നിർദ്ദേശം ഒഴികെയുള്ള, നേരത്തെ നൽകിയിട്ടുള്ള മറ്റ് നിർദ്ദേശങ്ങൾ നിലനിൽക്കുന്നതായിരിക്കും.

**മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നു എന്ന് അതാത് ഓഫീസ് തലവന്മാർ ഉറപ്പാക്കേണ്ടതാകുന്നു**

Signed by
K Manojkumar
Date: 14-11-2023 17:02:28

വിശ്വസ്തതയോടെ,

K MANOJKUMAR

I/162308/2023

JOINT TRANSPORT COMMISSIONER & SECRETARY STA

**മോട്ടോർ വാഹന വകുപ്പ്, കേരളം**